(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1319/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 04.07.2017

Phone No: 0471-2331231

Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മണമ്പൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: മണമ്പൂർ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2- ലെയും 3-ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ.

*പകർപ്പ്:*

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1319/1 തീയതി: 04.07.2017.

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.11.2016 മുതൽ 15.05.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാ എൻക്വയറികൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.05.2017 മുതൽ 25.05.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|

| | |
|---|---|
| ശ്രീമതി.സ്നിഗ്ധ.എസ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.മുഹമ്മദ് സലിം.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ലേഖ.എം.എൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.അരുൺദേവ് വി.ആർ | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അമ്പിളി.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി.ഗീത.ബി.എസ് | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീ.സലിം കുമാർ.എസ് | 01.06.2016 മുതൽ 13.07.2016 വരെ |
| | ശ്രീ.അബ്ദുൾ ജമീൽ.എ | 14.07.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.സലിംകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി.നികിത | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ഷീലാ കുമാരി<br>ഡോ.കമല്യ<br>ഡോ.അനിൽ കുമാർ | 01.04.2016 മുതൽ 30.11.2016 വരെ<br>01.12.2016 മുതൽ 18.02.2017 FN വരെ<br>18.02.2017AN മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശിവകുമാരി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ.അഭിലാഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ - I | ശ്രീമതി.ഷജീറ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ - II | ശ്രീമതി.രാജലക്ഷ്മി | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റീജ.എസ് ധരൻ<br>ശ്രീ.ശശിധരൻ | 01.04.2016 മുതൽ 11.08.2016 വരെ<br>12.08.2016 മുതൽ 01.10.2016 വരെ |

| | | |
|---|---|---|
| | ശ്രീ.ബാലചന്ദ്രൻ<br>ശ്രീ.ശശിധരൻ<br>ശ്രീമതി.ബീന.എസ് | 01.10.2016 മുതൽ 10.11.2016 വരെ<br>10.11.2016 മുതൽ 14.11.2016 വരെ<br>14.11.2016 മുതൽ 31.03.2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ഗിരിജ കുമാരി<br>ശ്രീമതി.വി.ഇന്ദിര<br>ശ്രീമതി.മുബീന | 01.04.2016 മുതൽ 15.04.2016 വരെ<br>15.04.2016 മുതൽ 15.07.2016 വരെ<br>16.07.2016 മുതൽ 31.03.2017 വരെ |
| എച്ച്.എം. യു.പി.എസ് മണന്നൂർ | ശ്രീമതി.ജയന്തി | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>

ഭാഗം - I


| ക്രമ. നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.10 | |

| | | | |
|---|---|---|---|
| 11 | ക്യാഷ് ബുക്ക് പരിപാലനം | 1.11 | |
| 12 | അനുബന്ധ പത്രികകൾ | 1.12 | |

ഭാഗം - II

| ക്രമ. നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | സ്ഥാപന*നികുതി ഈടാക്കിയിട്ടില്ല* | 2.1 | |
| 2 | തൊഴിൽനികുതി ഈടാക്കുമ്പോൾ സ്ഥാപനങ്ങളിൽ നിന്നും പ്രത്യേകം പത്രിക വാങ്ങേണ്ടതാണ്. | 2.2 | |
| 3 | മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തിനും വസ്തുനികുതി ചുമത്തുന്നില്ല | 2.3 | |
| 4 | ഇ ടെണ്ടർ - ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2.4 | |
| 5 | ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചില്ല | 2.5 | |
| 6 | ആദായ നികുതി ഈടാക്കിയതിലെ അപാകതകൾ | 2.6 | |
| 7 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം. | 2.7 | |
| 8 | തൊഴിൽ നികുതി കുടിശ്ശിക – അക്കൗണ്ട്സ് പ്രകാരമുള്ള തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 2.8 | |
| 9 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില തൃപ്തികരമല്ല; നികുതി, നികതിയേതര വരുമാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 2.9 | |

ഭാഗം - III

| ക്രമ. നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | എസ്.സി കോർപ്പസ് ഫണ്ട് ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 3.1 | |
| 2 | ഡെപ്പോസിറ്റ് വർക്ക് പൂർത്തിയായിട്ടില്ല | 3.2 | |

| | | | |
|---|---|---|---|
| 3 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന-സർക്കാർ നിർദേശം പാലിക്കേണ്ടതാണ് | 3.3 | |
| 4 | മരുന്ന് വാങ്ങൽ പദ്ധതി -ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല. | 3.4 | |
| 5 | അംഗൻവാടി പോഷകാഹാര പദ്ധതി അധികമായി തുക നൽകി | 3.5 | |
| 6 | എസ്.എസ്.എ-ക്ക് നൽകിയ തുക – യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. | 3.6 | |
| 7 | ആശ്രയ പദ്ധതി - അവലോകനം | 3.7 | |


ഭാഗം - IV


| ക്രമ. നം | ഇനം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4.1 | |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4.3 | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4.4 | |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4.5 | |
| 6 | ഓഡിറ്റ് റിക്കവറി | 4.6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4.7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4.9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016ൽ ചേർന്ന കമ്മിറ്റി 1 നമ്പരായി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 9048953 | 11854989 | 2806036 | - |
| വരവ് | 74997150 | 47088177 | - | 27908973 |
| ആകെ | 84046103 | 58943166 | - | 25102937 |
| ചെലവ് | 8108150 | 44032522 | - | 35924372 |
| നീക്കിയിരിപ്പ് | 3027953 | 14910644 | 11882691 | - |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്. പഞ്ചായത്ത് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വ്രഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 03.05.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | ₹ 11854989/- |
| വരവ് | ₹ 47088177/- |
| ആകെ | ₹ 58943166/- |

| | |
|---|---|
| ചെലവ് | ₹ 44032522/- |
| നീക്കിയിരുപ്പ് | ₹ 14910644/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 10077711 | 10077711 | 10077711 | 0 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5118000 | 5118000 | 5118000 | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3558427 | 3558427 | 3558427 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2078880 | 2078880 | 2078880 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5616999 | 5616999 | 5616999 | 0 | 0 |
| ലോക ബാങ്ക് സഹായം (സെൻട്രൽ) | 0 | 2706113 | 2706113 | 2706113 | 0 | 0 |
| ലോക ബാങ്ക് സഹായം (സ്റ്റേറ്റ്) | 0 | 684850 | 684850 | 684850 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 128 | 81 | 10 | 37 | 63.28 |

പദ്ധതി നിർവഹണ വിവരങ്ങൾ

| മേഖല | പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവാക്കിയ തുക |
|---|---|---|---|---|
| ഉത്പാദനം | 10 | 5726062 | 9 | 2520432 |
| സേവനം | 65 | 28265748 | 45 | 22666943 |
| പശ്ചാതലം | 53 | 14945725 | 31 | 7999641 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവാക്കിയ തുക |
|---|---|---|---|---|
| വനിത ഘടക പദ്ധതി | 3 | 4016000 | 3 | 1014120 |
| വൃദ്ധർ, ഭിന്നശഷിയുള്ളവർ, കുട്ടികൾ | 3 | 1420000 | 3 | 580000 |
| പാലിയേറ്റീവ് കെയർ | 1 | 840000 | 1 | 840000 |
| യുവജന വികസന പരിപാടി | 2 | 778050 | 1 | 128000 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 11 | 7342845 | 6334385 | 86.26 |
| അസി.സെക്രട്ടറി | 10 | 4 | 7392050 | 5118000 | 69.23 |
| അസി.എഞ്ചിനീയർ | 67 | 36 | 17127812 | 8705595 | 50.08 |
| കൃഷി ഓഫീസർ | 7 | 6 | 1719062 | 1535312 | 89.31 |
| വെറ്ററിനറി സർജൻ | 5 | 4 | 4087000 | 1035120 | 25.32 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 2 | 2 | 940000 | 940000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 3 | 725275 | 625000 | 61 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ. | 11 | 10 | 5090500 | 4533940 | 89.06 |
| ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ് | 1 | 1 | 1424104 | 1424104 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 2974887 | 2887560 | 97.06 |

പദ്ധതി നിർവഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ടുകൊണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയാറാക്കുന്നതിന് ശ്രമം നടന്നിട്ടില്ല. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. തൻ വർഷം ആവിഷ്കരിച്ച 15750519രൂപയുടെ 43 പ്രവർത്തികൾ നടന്നിട്ടില്ല

വാർഷിക പദ്ധതിയിൽ എല്ലാ മേഖലകൾക്കും അർഹമായ പരിഗണന ലഭിക്കുന്നില്ല. (കൃഷി, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ വകയിരുത്തലുകളും ചെലവും)

ഓഡിറ്റ് വർഷം ലഭിച്ച റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 43 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. എസ്.സി.പി പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗവും നിർവഹണവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മറ്റികൾ രൂപീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന് സ്വന്തമായി പൊതു ശ്മശാനമോ അറവ്ശാലയോ ഇല്ല ഇതിനായി വികസനഫണ്ടിൽ നിന്ന് വകയിരുത്തലുകളും നടത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനും ഭരണസമിതിയും ഉദ്യാഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+/_) |
|---|---|---|---|---|
| നികുതി വരവുകൾ | 1219794 | 3945009 | 2725215 | +223.41 |
| നികുതിയേതര വരവുകൾ | 70135 | 486394 | 416259 | +593.51 |
| മറ്റു വരവുകൾ (ഇനം തിരിച്ച്) | 44194 | 169824 | 125630 | +284.27 |
| ആകെ | 1334123 | 4601227 | 3267104 | +244.88 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 1829660 | 196 | |
| 2 | തൊഴിൽരഹിത വേതനം | 480600 | 255 | |
| 3 | വിധവാ പെൻഷൻ | 12112240 | 1102 | |
| 4 | വികലാംഗ പെൻഷൻ | 3560755 | 337 | |
| 6 | വാർദ്ധക്യ പെൻഷൻ | 20768120 | 1481 | |
| 7 | 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതകൾക്കുള്ള പെൻഷൻ | 191400 | 17 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.05.2017 രാവിലെ 10.30 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 29190/-രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.04.2017 – 18.04.2017 | 01.03.2017 – 31.03.2017 | ലഭിച്ചിട്ടില്ല | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.03.2014 – 19.04.2014 | 2008-09 2012-13 | 05.06.2014 | ഇല്ല |

## 1-11 ക്യാഷ് ബുക്ക് പരിപാലനം

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ സ.ഉ.(കൈ)177/2006 പ്രകാരം എല്ലാ നിർവഹണോദ്യോഗസ്ഥരും അവരവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഫോറം TR 7A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശം ഗ്രാമപഞ്ചായത്തിലെ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പാലിച്ചിട്ടുണ്ട്.

## 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ന്യൂനതാ സാക്ഷ്യപത്രം

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപനനികുതി ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാപഞ്ചായത്ത് മേഖലയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും സ്ഥാപന നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ടുന്ന അർദ്ധവർഷം | തുക |
|---|---|---|
| മണന്നൂർ വെസ്റ്റ് സർവ്വീസ് ക്ഷീരോൽപ്പാദക സഹകരണ സംഘം, മണന്നൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500 |
| ബി.എസ്.എൻ.എൽ, കവലയൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500 |
| മുത്തൂറ്റ് ഫിൻകോർപ്പ്, തൊപ്പിച്ചന്ത | ഒന്നും രണ്ടും അർദ്ധവർഷം | 2500 |
| മുത്തൂറ്റ് ഫിൻകോർപ്പ്, കവലയൂർ | രണ്ടാം അർദ്ധവർഷം | 1250 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6(1) ന് നൽകിയ മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി സ്ഥാപനനികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കുമ്പോൾ സ്ഥാപനങ്ങളിൽ നിന്നും പ്രത്യേകം പത്രിക വാങ്ങേണ്ടതാണ്.

മണന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ കവലയൂർ(M&E)ബ്രാഞ്ച്, തൊപ്പിച്ചന്ത ബ്രാഞ്ച്, ചാത്തൻ പറ ബ്രാഞ്ച്, മണന്നൂർ (M&E) ബ്രാഞ്ച് എന്നിവ സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുന്നതിനായി പ്രത്യേകം പത്രിക സമർപ്പിച്ചിട്ടില്ല. ബാങ്കിന്റെ ഹെഡ് ഓഫീസിൽ നിന്നും എല്ലാ ബ്രാഞ്ചുകൾക്കുമായി ഒറ്റ പത്രികയാണ് സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവിന്റെ കൃത്യത പരിശോധിക്കുവാൻ കഴിയുന്നില്ല.തൊഴിൽനികുതി

ഈടാക്കുമ്പോൾ സ്ഥാപനങ്ങൾ പ്രത്യേകം പത്രിക സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തിനും വസ്തുനികുതി ചുമത്തുന്നില്ല

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ (അ)19/2011/തസ്വഭവ/തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ. (സാധാ)നം.707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ച്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം) നികുതി ചുമത്തേണ്ടതാണ്.

പഞ്ചായത്തു പരിധിയിൽ നാല് മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുവെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5) മറുപടി നൽകിയത്. എന്നാൽ ഇതിൽ രണ്ട് ടവറുകളിൽ നിന്നു മാത്രമാണ് വസ്തുനികുതി ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ

| ക്രമ നം | ടവറിന്റെ വിവരം | പ്ലിന്ത് ഏരിയ (ച.മീ) | ഈടാക്കേണ്ട നികുതി (500 per m2) | ഈടാക്കുന്ന നികുതി |
|---|---|---|---|---|
| 1 | ഇൻഡസ് ടവർ | 13.14 | 6570 | 648 |
| 2 | റിലയൻസ് ടവർ | 61.23 | 30615 | 3000 |
| 3 | എയർടെൽ ടവർ | ലഭ്യമല്ല | - | ഈടാക്കിയിട്ടില്ല |
| 4 | ഐഡിയ സെല്ലുലാർ | 128.42 | 64210 | ഈടാക്കിയിട്ടില്ല |

പഞ്ചായത്തു പരിധിയിലുള്ള നാലു ടവറുകളുടേയും നികുതി കൃത്യമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഇ ടെണ്ടർ-ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16, 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ31850രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ (എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന

നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

2015-16

| ക്രമ നം. | പ്രോജക്റ്റ് നം. | ടെണ്ടർ ഫീ (ടാക്സ് ഉൾപ്പെടെ) | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|
| 1 | 26/16 | 2100 | 4 | 8400 |
| 2 | 52/16 | 1200 | 2 | 2400 |
| | | ആകെ | | 10800 |

2016-17

| ക്രമ നം. | പ്രോജക്റ്റ് നം. | ടെണ്ടർ ഫീ (ടാക്സ് ഉൾപ്പെടെ) | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|
| 1 | 51/17 | 2000 | 3 | 6000 |
| 2 | 53/17 | 1790 | 2 | 3580 |
| 3 | 126/17 | 1790 | 1 | 1790 |
| 4 | 133/17 | 1160 | 4 | 4640 |
| 5 | 135/17 | 1260 | 4 | 5040 |
| | | ആകെ | | 21050 |

പ്രസ്തുത തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 <u>ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചില്ല</u>

2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ ചട്ടം 16(2)പ്രകാരം പെർമിറ്റിന് അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം അതിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതും അല്ലാത്ത പക്ഷം അപേക്ഷകന് താൻ നൽകിയ അപേക്ഷ,പ്ലാൻ എന്നിവ അംഗീരിച്ചതായി കണക്കാക്കി നിർമ്മാണവുമായി മുൻപോട്ട് പോകാവുന്നതുമാണ്. എന്നാൽ ചുവടെപ്പറയുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ ഈ സമയക്രമം പാലിച്ചിട്ടില്ല.

| ക്രമ നം. | അപേക്ഷ നമ്പർ, തീയതി | അപേക്ഷകന്റെ പേര് | പെർമിറ്റ് നൽകേണ്ടിയിരുന്ന തീയതി | പെർമിറ്റ് നൽകിയ തീയതി |
|---|---|---|---|---|
| 1 | 2045/16<br>08.04.16 | ശ്രീമതി.തൻസീന ബീവി | 07.05.16 | 08-07-16 |
| 2 | 2246/16<br>20.04.16 | ശ്രീമതി.രമാ ദേവി | 19.05.16 | 07-07-16 |
| 3 | 2261/16<br>20.04.16 | സെക്രട്ടറി, മണമ്പൂർ എസ്.സി.ബി | 19.05.16 | 27-09-16 |
| 4 | 2794/16<br>20-05-16 | ശ്രീമതി സിൽമോൾ<br>ശ്രീ.രാജേഷ് | 19.06.16 | 11-07-16 |
| 5 | 3484/16<br>30-06-16 | ശ്രീ.മനോജ് കുമാർ.ഡി | 29-07-16 | 30-08-16 |
| 6 | 3953/16<br>22-07-16 | ശ്രീ.അബ്ദുൾറഹ്മാൻ.ബി | 21-08-16 | 21-12-16 |
| 7 | 4082/16<br>01-08-16 | ശ്രീ.സുരേഷ് കുമാർ | 30-08-16 | 03-10-16 |
| 8 | 4346/16<br>17-08-16 | ശ്രീ.കനകലത.ആർ | 16-09-16 | 23-09-16 |
| 9 | 4425/16<br>20-08-16 | ശ്രീ.ജിതിൻ.ആർ.ബി | 19-09-16 | 23-09-16 |
| 10 | 4899/16<br>17-09-16 | ശ്രീ.ചന്ദ്രബാബു | 16-10-16 | 26-12-16 |
| 11 | 5517/16<br>15.10.16 | ശ്രീ.കൃഷ്ണൻകുട്ടി നായർ | 14.11.16 | 19-11-16 |
| 12 | 6214/16<br>14-11-16 | ശ്രീമതി.ജയശ്രീ | 13-12-16 | 24-12-16 |
| 13 | 6591/16<br>03-12-16 | ശ്രീ.ഗോപിനാഥ കുറുപ്പ് | 02-01-17 | 17-01-17 |

പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുവാൻ സെക്രട്ടറിയും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് നൽകാൻ എഞ്ചിനീയറിംഗ്

വിഭാഗവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ആദായ നികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ സ്ഥാപനങ്ങളിൽ നിന്നും ആദായ നികുതി വകുപ്പ് 194 (സി) പ്രകാരം ഉറവിടത്തിൽ കിഴിക്കേണ്ട നികുതി (ടി.ഡി.എസ്) ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കരാർ/പ്രവർത്തികൾ | നൽകിയ തുക | ചെക്ക്/ബിൽ നമ്പർ/തിയതി | ഈടാക്കണ്ട 2% നികുതി |
|---|---|---|---|---|
| രചന പ്രിന്റേഴ്സ് | വിവിധ അച്ചടി പ്രവൃത്തികൾ ചെയ്തത് | 111950 | 51600491/ 24.11.16 | 2239 |
| രചന പ്രിന്റേഴ്സ് | വിവിധ അച്ചടി പ്രവൃത്തികൾ ചെയ്തത് | 22200 | 51600754/ 15.03.17 | 444 |
| രചന പ്രിന്റേഴ്സ് | വിവിധ അച്ചടി പ്രവൃത്തികൾ ചെയ്തത് | 32900 | 10699/ 27.03.17 | 658 |
| ആകെ | | | | 3341 |

ഈ തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. T.D.S ആയി കുറവ് ചെയ്യുന്ന തുകകൾ അതാത് പാദവർഷങ്ങളിൽ (7th July, 7th October, 7th January, 30th April) അടയ്ക്കാതിരുന്നാൽ വൈകുന്ന ഓരോ മാസത്തിനും 1.5% നിരക്കിൽ പിഴ അടയ്ക്കാൻ ബാധ്യതസ്ഥനാണ് എന്നു കൂടി അറിയിക്കുന്നു.

## 2-7 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. മണമ്പൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 84,459/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 844/-രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയായിരുന്നു.

കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 2-8 തൊഴിൽ നികുതി കുടിശ്ശിക - അക്കൗണ്ട്സ് പ്രകാരമുള്ള തുക രജിസ്റ്ററുമായി പൊരുത്തപ്പെട്ടുന്നില്ല.

അക്കൗണ്ട്സ് പ്രകാരം തൊഴിൽ നികുതി കുടിശ്ശിക 8400/- രൂപയാണ്. എന്നാൽ കുടിശ്ശിക ഒടുക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ വിശദാംശം ആവശ്യപ്പെട്ടു നൽകിയ എൻക്വയറി നം 6(5) ന് ലഭ്യമായ മറുപടി പ്രകാരവും രജിസ്റ്റർ പ്രകാരവും 8750/- രൂപ കുടിശ്ശികയുണ്ട്. വിശദാംശം ചുവടെ.

| ക്രമ നം. | സ്ഥാപനം | കുടിശ്ശിക തുക |
|---|---|---|
| 1 | ഇന്ദിര ആഡിറ്റോറിയം | 1250/- |
| 2 | മണന്നൂർ വെസ്റ്റ് ക്ഷീരസംഘം | 7500/- |
| ആകെ | | 8750/- |

കുടിശ്ശികയിലെ വ്യത്യാസത്തിനുള്ള കാരണം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/24.05.17-ന് എ.എഫ്.എസിൽ അനുബന്ധതിരുത്തലുകൾ വരുത്തുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

## 2-9 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില തൃപ്തികരമല്ല; നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

പഞ്ചായത്തിന് ലഭിക്കുന്ന നികുതി, നികുതിയേതര വരവുകൾ, എസ്റ്റാബ്ലിഷ്മെന്റ്/ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. ഗ്രാമപഞ്ചായത്തിന് തൻവർഷം പൊതു ആവശ്യ ഗ്രാന്റായി 7567476/-രൂപ ലഭിക്കുകയുണ്ടായി. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്. ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ തനത് വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു. (Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 5427307/-രൂപയാണ്.

| വരവ് | രൂപ | ചെലവ് | രൂപ |
|---|---|---|---|
| നികുതികൾ | 3945009 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 8071251 |
| ഫീസുകൾ | 486394 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 640150 |

| | | | |
|---|---|---|---|
| പലിശ | 76707 | ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് | 1317133 |
| മറ്റു വരവുകൾ | 93117 | ആകെ | 10028534 |
| ആകെ | 4601227 | കമ്മി | 5427307 |

ഗ്രാമപഞ്ചായത്തിന്റെ മോശമായ സാമ്പത്തിക സ്ഥിതി മൂലം വാർഷിക പദ്ധതികളിൽ വികസന/ക്ഷേമ പദ്ധതികൾക്ക് തനത് ഫണ്ട് വകയിരുത്തലുകൾ കുറവാണ്. ഓഡിറ്റ് വർഷം തനത് ഫണ്ടിൽനിന്നും 1952238/-രൂപ മാത്രമാണ് വാർഷിക പദ്ധതിയിൽ വകയിരുത്തുന്നതിന് സാധിച്ചിട്ടുള്ളത് (ചെലവ് 1129781/-രൂപ). അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്.

ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാവാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് തടസ്സമാകുന്നു. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതിനാൽ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. അതുപോലെതന്നെ പൊതു ടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എസ്.സി കോർപ്പസ് ഫണ്ട് ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ചീഫ് പ്ലാനിങ്ങ് ഓഫീസർ (എസ്.സി/എസ്.റ്റി ഡെവലപ്പ്മെന്റ് വകുപ്പ്)ൽ നിന്നും എസ്.സി കോർപ്പസ് ഫണ്ടായി 24,00,000/- രൂപ ലഭിച്ചു. എസ്.സി.വിഭാഗത്തിനുവേണ്ടി നിർമ്മിച്ച കുടിവെള്ള പ്രോജക്ടിനുവേണ്ടി (പ്രോജക്ട് നം.389743/05.04.12) 1846311/- രൂപ ചെലവഴിച്ചു. 553689/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല (ഷെഡ്യൂൾ ബി 4 ബാലൻസ് ഷീറ്റ്). പ്രസ്തുത തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. തൻവർഷം ഇതിൽ നിന്നും 50,000/- രൂപ ആടങ്കൽ തുകയുള്ള പുളിക്കച്ചിറ കിണർ വൃത്തിയാക്കൽ, ഇരുമ്പ് വല സ്ഥാപിക്കൽ പദ്ധതിക്കുവേണ്ടി വകയിരുത്തിയെങ്കിലും (പ്രോജക്ട് നം.148/16-17) ചെലവഴിച്ചിട്ടില്ല. പ്രസ്തുത തുക എസ്.സി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടിനുവേണ്ടി ആവശ്യമെങ്കിൽ ചെലവഴിക്കുകയോ ആല്ലാത്ത പക്ഷം ബന്ധപ്പെട്ട വകുപ്പിന് തിരിച്ചുനൽകാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 ഡെപ്പോസിറ്റ് വർക്ക് പൂർത്തിയായിട്ടില്ല

a) പ്രോജക്ടിന്റെ പേര് : കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ

പ്രോജക്ട് നം. : SO137/17

b) പ്രോജക്ടിന്റെ പേര് : തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ

പ്രോജക്ട് നം. : SO 138/17

c) പ്രോജക്ടിന്റെ പേര് : സമ്പൂർണ വൈദ്യുതീകരണം

പ്രോജക്ട് നം. : SO 149/17

ബി 4 ഷെഡ്യൂൾ പ്രകാരം വാട്ടർ ഈതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്കിനത്തിൽ 10,95,000/- രൂപയും കെ.എസ്.ഇ.ബി. ക്ക് 29,62,750/- രൂപയും നിലനിൽക്കുന്നു. പ്രസ്തുത ആഡ്വാൻസ് കെ.ഡബ്യൂ.എ, കെ.എസ്.ഇ.ബി കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. അടിയന്തിരമായി പ്രവർത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന-സർക്കാർ നിർദേശം പാലിക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.05.09 ലെ ജി.ഒ.(ആർ.ടി.) 1275/2009 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണെന്നും, ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിഷ്കർഷിച്ചിരുന്നു. എന്നാൽ ഈ വിവരം കാണിച്ച് നൽകിയ എൻക്വയറി നം.10/24.05.17-ന് ജല അതോറിറ്റിക്ക് സംയുക്ത പരിശോധന ആവശ്യപ്പെട്ട്

കത്ത് നൽകിയിട്ടുണ്ടെന്നും നിലവിൽ 104 പൊതു ടാപ്പുകളുണ്ടെന്നും മറുപടി ലഭിച്ചു. ആയതിലേക്ക് വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. 2016-17 വർഷത്തിൽ ജല അതോറിറ്റിയിൽ പഞ്ചായത്ത് അടച്ചിട്ടുള്ളത് തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ടാപ്പുകൾളുടെ എണ്ണം - 103 (4- ാം മാസം മുതൽ 7- ാം മാസം വരെ)

- 106 (8 - ാം മാസം മുതൽ 3- ാം മാസം വരെ)

1 ടാപ്പിന് മാസം 437.5 രൂപ നിരക്കിൽ

ആദ്യ നാലു മാസം = 437.5x103x4 = 180252/-

തുടർന്നുള്ള എട്ട് മാസം = 437.5x106x8 = 371000/-

ആകെ = 551252/- രൂപ

## 3-4 മരുന്ന് വാങ്ങൽ പദ്ധതി -ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല.

1) പദ്ധതി നം. പേര് : SO128/17 സമഗ്ര വയോജന പരിപാടി ചികിത്സയും മരുന്ന് ലഭ്യമാക്കലും.

അടങ്കൽ തുക : 100000/-

ചെലവ് തുക : 100000/- വികസനഫണ്ട്

ബിൽ നം തീയതി : 2/2016-17

2) പദ്ധതി നം പേര് : SO 127/17 ആയുർവേദ ആശുപത്രിയിൽ മരുന്ന് വാങ്ങൽ

അടങ്കൽ തുക : 500000/-

ചെലവ് തുക : 500000/- മെയിന്റനൻസ് ഫണ്ട് റോഡിതരം

ബിൽ നം തീയതി : 1/2016-17

ക്രമ നം (1) പദ്ധതി പ്രകാരം വയോജനങ്ങൾക്ക് വിവിധ മരുന്ന് ലഭ്യമാക്കുന്നതിനായി 1ലക്ഷം രൂപ പിൻവലിച്ച് ആയുർവേദ മരുന്ന് വിതരണ സ്ഥാപനമായ ഔഷധിക്ക് (ഡിഡി നം.245891തീയതി 2.12.16) കൈമാറിയിട്ടുണ്ട്. ഇതുവരെ 54632/-രൂപയുടെ മരുന്നുകളാണ് ഔഷധിയിൽ നിന്നും ലഭിച്ചിട്ടുള്ളത്. 45368/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല.

ക്രമ നം 2 പദ്ധതി പ്രകാരം ആയുർവേദ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 5 ലക്ഷം രൂപ പിൻവലിച്ച് ആയുർവേദ മരുന്ന് വിതരണ സ്ഥാപനമായ ഔഷധിക്ക് (ഡിഡി നം. 245892 തീയതി 2-12-2016) കൈമാറിയിട്ടുണ്ട്. ഇതുവരെ 309899/- രൂപയുടെ മരുന്നുകളാണ് ഔഷധിയിൽ നിന്നും ലഭിച്ചിട്ടുള്ളത്. 190101/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (no.3/15.05.2017) മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്റെ തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

b) പദ്ധതി നം പേര് : SOO39/17 പാലിയേറ്റീവ് കെയർ

അടങ്കൽ തുക : 840000/-

ചെലവ് തുക : 840000/- വികസനഫണ്ട്

ബിൽ നം തീയതി : 3/26.12.16, 41067/-

5/22.02.17, 88700/-

2/14.11.16, 123928/-

പാലിയേറ്റീവ് കെയർ പദ്ധതിക്കായി മരുന്ന് വാങ്ങുന്നതിന് കെ.എം.എസ്.സി.എ ക്ക് ,58050(അക്കൗണ്ട്ട്രാൻസ്ഫർ), രൂപ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെയോ സ്റ്റോക്കിൽ എടുത്തതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (no.12/ 24.05.2017) മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്റെ തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-5 അംഗൻവാടി പോഷകാഹാര പദ്ധതി അധികമായി തുക നൽകി

പദ്ധതി നം പേര് : 30/ 17,അംഗൻവാടി പോഷകാഹാര പദ്ധതി

അടങ്കൽ തുക : 1647487(വി.ഫണ്ട് 900000/-, കേന്ദ്രം 457487/-, തനത് ഫണ്ട്- 290000/-)

ചെലവ് തുക : 1607644 (വി.ഫണ്ട്- 900000/-, കേന്ദ്രം- 457487/-, തനത് ഫണ്ട്- 250157/-)

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

അംഗൻവാടി പോഷകാഹാര പദ്ധതിക്കായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈയ്സ് കോർപ്പറേഷന്റെ കീഴിലുള്ള ഞെക്കാട് സൂപ്പർ മാർക്കറ്റിൽനിന്നും 3,83,749/- രൂപയ്ക്കുള്ള സാധനങ്ങൾ (ബിൽ നം.16635, 30.01.17) വാങ്ങിയിട്ടുണ്ട്. എന്നാൽ 3,93,749/- രൂപയാണ് സൂപ്പർ മാർക്കറ്റിന് നൽകിയത്. 10,000/- രൂപ അധികം നൽകി.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (no.13/24.05.2017) അധികം നൽകിയ തുക പഞ്ചായത്തിൽ ഒടുക്കു വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത

വിഷയത്തിന്റെ തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 എസ്.എസ്.എ-ക്ക് നൽകിയ തുക - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2016-17-ൽ പദ്ധതി നം.37/16-17 പ്രകാരം എസ്.എസ്.എ യുടെ പഞ്ചായത്ത് വിഹിതമായി 14,24,104/- രൂപ ഒടുക്കുവരുത്തിയിട്ടുണ്ട്.വിശദാംശം ചുവടെ

| ക്രമ നം. | വൗച്ചർ നം./തീയതി | ബിൽ/ചെക്ക് നം തീയതി | തുക |
|---|---|---|---|
| 1 | 51600475/17.11.16 | 1/ 16.11.16 | 908368/- |
| 2 | 51600734/10.03.17 | 2/28.02.17 | 363490/- |
| 3 | 51600677/21.02.17 | 8693731/21.02.17 (തനത് ഫണ്ട്) | 152246/- |

കുട്ടികളുടെ എണ്ണം അടിസ്ഥാനമാക്കി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പദ്ധതിപ്പണം ഫലപ്രദമായി വിനിയോഗിക്കപ്പെട്ടു എന്ന് ഉറപ്പുവരുത്തുന്നതിനായി എസ്.എസ്എയ്ക്ക് നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിലെ നിരാശ്രയരായഅഗതികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി അടിസ്ഥാന സൗകര്യം നൽകി സമൂഹത്തിലെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. ആശ്രയപദ്ധതിയുടെ 2016-17 വർഷത്തെ വരവ്-ചെലവ് കണക്കുകൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 763586.00 |
| വരവ് | 28633.00 |
| ചെലവ് | 118416.93 |
| നീക്കിയിരിപ്പ് | 673802.07 |

ആശ്രയപദ്ധതിയിൽ ചലഞ്ച് ഫണ്ട് ഇനത്തിൽ ലഭിച്ച 1500000/- രൂപയിൽ 100 ഗുണഭോക്താക്കൾക്ക് 2.08.13 മുതൽ 31.07.16 വരെ ഭക്ഷ്യ ധാന്യ വിതരണത്തിനായി 944425/- രൂപയും പഠനോപകരണങ്ങൾ നൽകിയ വകയിൽ 35116/- രൂപയും മെഡിക്കൽ ക്യാമ്പ് നടത്തിയ ഇനത്തിൽ 2690/- രൂപയും ചലഞ്ച് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

2015-16, 2016-17 കാലഘട്ടത്തിൽ വികസന ഫണ്ട് ഉപയോഗിച്ച് 4 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 10 ലക്ഷം രൂപയും ഭവന പുനരുദ്ധാരണത്തിന് 6 പേർക്ക് 225000/- രൂപയും കുടിവെള്ള കണക്ഷന 6 കുടുംബങ്ങൾക്ക് 30000/- രൂപയും വികസന ഫണ്ടിൽ നിന്നും നേരിട്ട് ചെലവഴിച്ചിട്ടുണ്ട്.

2016-17 വർഷം ആശ്രയപദ്ധതിയിൽ ഗാർഹിക പൈപ്പ് കണക്ഷൻ എന്ന പ്രോജക്റ്റിലേക്ക് 5000/- രൂപ വികസനഫണ്ടും 25000/- രൂപ തനത്ഫണ്ടും വകയിരുത്തിയിരുന്നു. എന്നാൽ ഈ പദ്ധതിയിൽ തൻവർഷം ചെലവില്ല. വികസനഫണ്ടിൽ നിന്നും വീട് നിർമ്മാണം വീട് പുനരുദ്ധാരണം എന്നീ പ്രോജക്റ്റുകളിലായി ആശ്രയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനുള്ളതിനാൽ ആശ്രയപദ്ധതിയ്ക്കായി ഫണ്ട് വകമാറ്റിയിട്ടില്ല. തുടർവർഷങ്ങളിൽ ആശ്രയപദ്ധതിയ്ക്കായി പ്രോജക്റ്റുകൾ പ്രത്യേകം ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും അധികൃതർ ശ്രദ്ധ പുലർത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിവരം

ഇല്ല

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | 137/17 | | 1095000 | | | |
| KSEB | 138/17 | | 2412750 | | | |
| KSEB | 149/17 | | 550000 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| 2016-17 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാനവ ശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|

| |
|---|
| ഇല്ല |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തിരിച്ചട യ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | ജി.ഒ.ആർ.ടി.നം. 275/2000/LSGD dated 27-01-2010 | 13648500 | 3828038 | 1202137 | 288413 | 2337488 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2007-08<br>3.10 | 2009-10<br>3.7.1 | | 2013-14 സാമ്പത്തിക വർഷം പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ)* സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58943166/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44032522/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 8750/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) *പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2.1 | 8750 | ശ്രീ.അബ്ദുൾ ജലീൽ.എ (സെക്രട്ടറി)<br>കിഴക്കതിൽ വീട്, കരിച്ചാറ, പള്ളിപ്പുറം.പി.ഒ. |
| 3.5 | 10000 | ശ്രീമതി.മുബീന (ഐ.സി.ഡി.എസ്.സൂപ്പർ വൈസർ)<br>പി.വി.ഹൗസ്, ഗുരുനാഗപ്പൻ കാവ്,<br>ആലംകോട്.പി.ഒ, ആറ്റിങ്ങൽ. |

*(സി)* ക്രമാനുസരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല

(ഡി) *സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ*

ഇല്ല

*(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

ഇല്ല

(എഫ്) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ജി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എച്ച്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീമതി.മുബീന.എസ്.<br>ഐ.സി.ഡി.എസ്.<br>സൂപ്പർ വൈസർ | ഐ.സി.ഡി.എസ്.<br>സൂപ്പർ വൈസർ<br>മണമ്പൂർ ഗ്രാമ പഞ്ചായത്ത് | പി.വി.ഹൗസ്,<br>ഗുരുനാഗപ്പൻ കാവ്,<br>ആലംകോട്.പി.ഒ,<br>ആറ്റിങ്ങൽ. |
| 2 | ശ്രീ.അബ്ദുൾ ജലീൽ.എ<br>സെക്രട്ടറി | സെക്രട്ടറി,<br>മണമ്പൂർ ഗ്രാമ പഞ്ചായത്ത് | കിഴക്കതിൽ വീട്,<br>കരിച്ചാറ,<br>പള്ളിപ്പുറം.പി.ഒ,<br>തിരുവനന്തപുരം. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.9/723/2003 തീയതി.23-07-2014 | 2 |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.9/72/2005 തീയതി. 23-07-14 | 1 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.7/917/2008 തീയതി.23-07-14 | 3 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.7/1960/2008 തീയതി.23-07-14 | 3 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.7/72/2005 തീയതി 23-07-14 | 5 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.7/2271/2011 തീയതി-23-07-14 | 7 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.7/2272/2015 തീയതി-11-08-15 | 3 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി. 9/732/2015 തീയതി.15-06-15 | 4 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.7/1545/2013 തീയതി-27-10-14 | 4 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.7/2608/2014 തീയതി. 05-11-15 | 8 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/458/2016 തീയതി.18-03-16 | 13 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1315/2016 തീയതി.29-07-16 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/2004/2016 തീയതി.21-11-16 | 8 |

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം – 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മണന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതൊഴികെ മണന്നൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

## ന്യൂനതകൾ

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയർ പഞ്ചായത്തിന്റെ വാർഷിക കണക്കുകളുമായി സംയോജിപ്പിക്കണമെന്ന സർക്കാർ നിർദേശം പ്രാവർത്തികമാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ പൂർണമായും സാധ്യയിൽ ഉൾപ്പടുത്തിയിട്ടില്ല. സ്ഥിര ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതും പൂർണമല്ല.
2. സ്റ്റോക്ക് & സ്റ്റോർസ് മൂല്യധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ഷെഡ്യൂൾ B 15 തൊഴിൽനികുതി കിട്ടാനുള്ളതായി കാണിച്ചിട്ടുള്ളത് 8400/-രൂപയാണ് എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം ഇത് 8750/- രൂപയാണ്.

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

എ.എൻ.10/7/17.